# PSC Lp School Assistant - Malayalam Medium - Education Examination

# Previous Year Question Paper

***Exam Name:*** *Lp School Assistant - Malayalam Medium - Education*

***Date of Test : 01.04.2016***

***Question Paper Code: 044/2016***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

# 044/2016

Maximum : 100 marks

Time : 1 hour and 15 minutes

1. ഭൂമിയിൽ നിന്ന് നോക്കുമ്പോൾ ചന്ദ്രോപരിതലത്തിന്റെ ഒരു ഭാഗമെ കാണാനാകൂ. ഏത് ബഹിരാകാശ വാഹനമാണ് ആദ്യമായി ചന്ദ്രന്റെ മറുഭാഗത്തിന്റെ ചിത്രമെടുത്തത്?
   - (A) ലൂണാ 1
   - (B) ലൂണാ 10
   - (C) റേഞ്ചർ 7
   - (D) ലൂണാ 3

2. മൗലികാവകാശങ്ങൾ ഏത് ഭരണഘടനയിൽ നിന്ന് കടമെടുത്തതാണ്?
   - (A) അമേരിക്കൻ ഭരണഘടന
   - (B) ബ്രിട്ടീഷ് ഭരണഘടന
   - (C) ഫ്രഞ്ച് ഭരണഘടന
   - (D) റഷ്യൻ ഭരണഘടന

3. വായനാദിനം :
   - (A) സെപ്റ്റംബർ 5
   - (B) ജൂൺ 19
   - (C) സെപ്റ്റംബർ 8
   - (D) ജൂൺ 5

4. ഏറ്റവും നീളം കൂടിയ നാവുള്ള മൃഗം :
   - (A) ഒട്ടകം
   - (B) കഴുത
   - (C) കാണ്ടാമൃഗം
   - (D) ജിഫാറ്

5. ഇന്ത്യയിലെ അറ്റോർണി ജനറൽ :
   - (A) അജിത്ത് കുമാർ ദോവൽ
   - (B) മുകുൾ റോത്തഗി
   - (C) സോളി സൊറാബ്ജി
   - (D) കെ. പരാശരൻ

6. മനുഷ്യ കമ്പ്യൂട്ടർ എന്നറിയപ്പെടുന്നത് :
   - (A) ചാൾസ് ബാബേജ്
   - (B) സബീർ ഭാട്ടിയ
   - (C) ജയിംസ് റസൽ
   - (D) ശകുന്തളാ ദേവി

7. വയനാട്ടിലെ ഗണപതിവട്ടത്തിന്റെ ഇപ്പോഴത്തെ പേര് :
   - (A) സുൽത്താൻ ബത്തേരി
   - (B) മാനന്തവാടി
   - (C) കല്പറ്റ
   - (D) വൈത്തിരി

8. ദഫ്മുട്ട് ഏത് മതവിഭാഗക്കാരുടെ ഇടയിലെ കലാരൂപമാണ്?
   - (A) ക്രിസ്ത്യൻ
   - (B) പാഴ്സി
   - (C) മുസ്ലീം
   - (D) സിക്ക്



Join PSC WhatsApp Broadcast List : 90747 20773

9. മാർബിളിലെ സ്വപ്നമെന്ന് വിശേഷിപ്പിക്കപ്പെട്ടത് :
   (A) താജ്മഹൽ
   (B) കുത്തബ്മിനാർ
   (C) ചാർമിനാർ
   (D) മയൂരസിംഹാസനം

10. കേരളത്തിലെ ആദ്യ ഡിജിറ്റൽ പഞ്ചായത്ത് :
   (A) അറക്കുളം
   (B) മരട്
   (C) പാമ്പാക്കുട
   (D) മാണിക്കൽ

11. ലോകസഭയിലെ ഡെപ്യൂട്ടി സ്പീക്കർ :
   (A) പി.ജെ. കുര്യൻ
   (B) എം തമ്പി ദുരൈ
   (C) സുമിത്രാ മഹാജൻ
   (D) മല്ലികാർജുൻ ഖാർഗെ

12. ഹോക്കി മാന്ത്രികൻ :
   (A) ബ്രാഡ് മാൻ
   (B) സഫർ ഇക്ബാൽ
   (C) മിൽക്കാ സിംഗ്
   (D) ധ്യാൻ ചന്ദ്

13. 'എനിക്ക് ജീവിതത്തിൽ വെറും 3 സാധനങ്ങളെ വേണ്ടു അവ 'പുസ്തകങ്ങൾ', 'പുസ്തകങ്ങൾ', 'പുസ്തകങ്ങൾ' മാത്രം ഇതാരുടെ വാക്കുകൾ?
   (A) ബർണാഡ് ഷാ
   (B) ഷേക്സ്പിയർ
   (C) ടെന്നിസൺ
   (D) ടോൾസ്റ്റോയി

14. രോഗാണുബാധ കൂടാതെ കണ്ണിനുണ്ടാകുന്ന രോഗം :
   (A) വെള്ളെഴുത്ത്
   (B) തിമിരം
   (C) ഗ്ലൂക്കോമ
   (D) കോങ്കണ്ണ്

15. ലോഗരിതത്തിന്റെ പിതാവ് :
   (A) ഹിപ്പാർക്കസ്
   (B) പാസ്ക്കൽ
   (C) നേപ്പിയർ
   (D) ബബേജ്

16. ഭൂമിയുടെ ഭ്രമണപഥത്തിൽ ആദ്യമായി സ്ഥാപിച്ച ബഹിരാകാശ കേന്ദ്രം :
   (A) സ്കൈലാബ്
   (B) സല്യൂട്ട് 1
   (C) മിർ
   (D) സോയൂസ് 1

17. കൊടുമുടികളുടെ ശൃംഖത്തിൽ ചവിട്ടരുത് എന്ന വ്യവസ്ഥയോടെ മാത്രം പർവ്വതാരോഹകരെ കയറ്റി വിടുന്ന കൊടുമുടി ഏതാണ്?
   (A) കാഞ്ചൻജംഗ
   (B) കാരക്കോറം
   (C) ആരവല്ലി
   (D) എവറസ്റ്റ്



Join PSC WhatsApp Broadcast List : 90747 20773

18. 'ബച്പൻ ബചാവോ ആന്ദോളന്' തുടക്കമിട്ടതാര്?
    (A) മേധാ പട്കർ (B) കൈലാഷ് സത്യാർഥി
    (C) ഇറോം ഷർമിള (D) സുന്ദർ ലാൽ ബഹുഗുണ

19. സൈലന്റ് സ്പ്രിംഗ് എന്ന കൃതിയുടെ കർത്താവ് :
    (A) അരുന്ധതി റോയി (B) ആർ.കെ. നാരായൺ
    (C) റേച്ചൽ കാർസൺ (D) ഹെലൻ ഡിക്സു

20. 2014-ൽ ആന്ധ്രയുടേയും ഒഡീഷയുടേയും തീരങ്ങളിൽ വിശിയ ചുഴലിക്കാറ്റ് 'ഹുദ് ഹുദ്' എന്ന പേരിലറിയപ്പെട്ടു. ഈ പേര് ഒരു രാജ്യത്തെ ദേശീയ പക്ഷിയുടെ പേരാണ്. രാജ്യമേത്?
    (A) ഇന്തോനേഷ്യ (B) ഇറാൻ
    (C) ഈജിപ്ത് (D) ഇസ്രായേൽ

21. മലബാറിൽ കോഴിക്കോട് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന പത്രം :
    (A) സ്വദേശാഭിമാനി (B) ദേശാഭിമാനി
    (C) രാജ്യസമാചാരം (D) മിതവാദി

22. ശ്രീനാരായണ ഗുരു ആലുവായിൽ അദ്വൈതാശ്രമം സ്ഥാപിച്ച വർഷം :
    (A) 1904 (B) 1913
    (C) 1924 (D) 1928

23. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായിരുന്ന മലയാളി :
    (A) സർ. സി. ശങ്കരൻ നായർ (B) കെ. കേളപ്പൻ
    (C) സി. കേശവൻ (D) ടി.കെ. വർഗ്ഗീസ്

24. കേരളത്തിലെ ആദ്യ യഹൂദപ്പള്ളി സ്ഥാപിക്കപ്പെട്ട സ്ഥലം :
    (A) മാടായി (B) കൊടുങ്ങല്ലൂർ
    (C) മട്ടാഞ്ചേരി (D) മാള

25. ശ്രീ ശങ്കരാചാര്യരുടെ ജന്മസ്ഥലം :
    (A) വൈക്കം (B) കാലടി
    (C) ശിവഗിരി (D) പന്തളം

26. വയനാട് ചുരം ഏത് ജില്ലയിലാണ്?
    (A) കോഴിക്കോട് (B) വയനാട്
    (C) കണ്ണൂർ (D) മലപ്പുറം

27. പോർട്ടുഗീസ് സ്വാധീനത്തിന്റെ ഫലമായി കേരളത്തിൽ വികസിച്ചു വന്ന കലാരൂപം :
    (A) മാർഗ്ഗം കളി (B) പരിചമുട്ടു കളി
    (C) ഓട്ടംതുള്ളൽ (D) ചവിട്ടുനാടകം



PSCNET.in
Join PSC WhatsApp Broadcast List : 90747 20773

28. ടിപ്പു സുൽത്താൻ തിരുവിതാംകൂർ ആക്രമണം നിറുത്തിയതെന്തുകൊണ്ട്?
- (A) ടിപ്പു തോറ്റതുകൊണ്ട്
- (B) അസുഖം പിടിപ്പെട്ടതുകൊണ്ട്
- (C) ബ്രിട്ടീഷുകാർ മൈസൂർ ആക്രമിച്ചതുകൊണ്ട്
- (D) തിരുവിതാംകൂർ പടയെ പരാജയപ്പെടുത്താൻ കഴിയില്ലെന്ന് തോന്നിയതുകൊണ്ട്

29. കേരളത്തിലെ ഏറ്റവും വലിയ ഭൂഗർഭ ജല വൈദ്യുതി നിലയം :
- (A) ഇടുക്കി
- (B) ശബരിഗിരി
- (C) മൂലമറ്റം
- (D) മലമ്പുഴ

30. 'ഇൻഡിക്ക' ആരുടെ യാത്രാവിവരണ ഗ്രന്ഥമാണ്?
- (A) ഹുയാൻസാങ്
- (B) അലക്സാണ്ടർ
- (C) ഫാഹിയാൻ
- (D) മെഗസ്തനീസ്

31. കേരളത്തിലെ ആദ്യത്തെ റെയിൽവെ ലൈൻ :
- (A) ബേപ്പൂർ മുതൽ തിരൂർ വരെ
- (B) തിരുവനന്തപുരം മുതൽ എറണാകുളം വരെ
- (C) ബേപ്പൂർ മുതൽ കോഴിക്കോട് വരെ
- (D) തിരൂർ മുതൽ നിലമ്പൂർ വരെ

32. ആലപ്പുഴ തുറമുഖത്തിന്റെ ശില്പി എന്നറിയപ്പെടുന്നത് :
- (A) റ്റി. മാധവറാവു
- (B) രാജാ കേശവദാസൻ
- (C) സി.പി. രാമസ്വാമി അയ്യർ
- (D) രാമയ്യൻ ദളവ

33. കേരള നിയമസഭയിലെ ആദ്യ സ്പീക്കർ :
- (A) കെ. ആർ. ഗൗരി
- (B) ദാമോദരൻ പോറ്റി
- (C) സി. കേശവൻ
- (D) ശങ്കര നാരായണൻ പോറ്റി

34. യവനപ്രിയ എന്ന വാക്ക് ഏതിനോട് ബന്ധപ്പെട്ടിരിക്കുന്നു?
- (A) ഏലം
- (B) മഞ്ഞൾ
- (C) കുരുമുളക്
- (D) ചന്ദനം

35. താഴെ പറയുന്നവയിൽ കേരളത്തിലെ പ്രസിദ്ധ മത്സ്യബന്ധന കേന്ദ്രം :
- (A) കൊല്ലം
- (B) നീണ്ടകര
- (C) കോഴിക്കോട്
- (D) ആലപ്പുഴ

36. തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിന്റെ ആദ്യ മുഖ്യമന്ത്രി :
- (A) പട്ടം താണുപിള്ള
- (B) സി. കേശവൻ
- (C) റ്റി.എം. വർഗ്ഗീസ്
- (D) സി.പി. രാമസ്വാമി അയ്യർ



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

37. സാധുജനപരിപാലന സംഘം ആരംഭിച്ചത് :
   (A) സഹോദരൻ അയ്യപ്പൻ  (B) ചട്ടമ്പി സ്വാമികൾ
   (C) ശ്രീനാരായണ ഗുരു  (D) അയ്യൻകാളി

38. 1928-ൽ ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ കോൺഗ്രസ്സ് സമ്മേളനം നടന്ന സ്ഥലം :
   (A) പയ്യന്നൂർ  (B) കോഴിക്കോട്
   (C) കണ്ണൂർ  (D) വടകര

39. 1921-ലെ മലബാർ കലാപം ആരംഭിച്ച സ്ഥലം :
   (A) തിരൂർ  (B) പൂക്കോട്ടൂർ
   (C) പൊന്നാനി  (D) മലപ്പുറം

40. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് രൂപീകരിക്കപ്പെട്ട വർഷം :
   (A) 1937  (B) 1939
   (C) 1938  (D) 1936

41. X-Ray കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ ആര്?
   (A) എഡിസൺ  (B) റോൺട്ജൻ
   (C) ഫാരഡെ  (D) ലാവോസിയ

42. സാധാരണ താപനിലയിൽ ദ്രാവകാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ഒരു ലോഹം ഏത്?
   (A) മെർക്കുറി  (B) സ്വർണ്ണം
   (C) ബ്രോമിൻ  (D) ഗാലിയം

43. ട്രാൻസ്ഫോർമറിന്റെ പ്രവർത്തനതത്വം എന്ത്?
   (A) സെൽഫ് ഇൻഡക്ഷൻ  (B) വൈദ്യുതകാന്തിക പ്രേരണം
   (C) മ്യൂച്ചൽ ഇൻഡക്ഷൻ  (D) മോട്ടോർ തത്വം

44. ഒരു ഡിസ്ചാർജ്ജ് ലാമ്പിൽ നിന്നും പച്ചനിറത്തിലുള്ള പ്രകാശം ലഭിക്കുന്നു. ഇതിൽ നിറച്ചിരിക്കുന്ന വാതകം ഏത്?
   (A) നിയോൺ  (B) ക്ലോറിൻ
   (C) നൈട്രജൻ  (D) ഹൈഡ്രജൻ

45. ഇന്ത്യയിലെ ആദ്യത്തെ ഫാസ്റ്റ് ബ്രീഡർ റിയാക്ടർ സ്ഥാപിതമായിരിക്കുന്നത് ഏത് സംസ്ഥാനത്താണ്?
   (A) കേരളം  (B) ഉത്തർപ്രദേശ്
   (C) കർണ്ണാടകം  (D) തമിഴ്നാട്

46. കേരളത്തിന്റെ കടൽത്തീരത്ത് സുലഭമായി കണ്ടുവരുന്ന റേഡിയോ ആക്ടീവ് മൂലകം ഏത്?
   (A) യുറേനിയം  (B) റേഡിയം
   (C) തോറിയം  (D) പ്രോട്ടാക്റ്റിനിയം



Join PSC WhatsApp Broadcast List : 90747 20773

47. മൈക്രോഫോണിൽ നടക്കുന്ന ഊർജ്ജമാറ്റം എന്ത്?
   (A) വൈദ്യുതോർജ്ജം യാന്ത്രികോർജ്ജമായി മാറുന്നു
   (B) ശബ്ദോർജ്ജം വൈദ്യുതോർജ്ജമായി മാറുന്നു
   (C) യാന്ത്രികോർജ്ജം വൈദ്യുതോർജ്ജമായി മാറുന്നു
   (D) വൈദ്യുതോർജ്ജം ശബ്ദോർജ്ജമായി മാറുന്നു

48. കൂട്ടത്തിൽ പെടാത്തത് ഏത്?
   (A) ഹീലിയം (B) നൈട്രജൻ
   (C) ഓക്സിജൻ (D) ക്ലോറിൻ

49. ഒരു മൂലകത്തിന്റെ ഇലക്ട്രോൺ വിന്യാസം 2, 8, 8, 1 പീരിയോഡിക് ടേബിളിൽ ഈ മൂലകത്തിന്റെ സ്ഥാനം എന്ത്?
   (A) ഒന്നാം പിരിയഡ് ഒന്നാം ഗ്രൂപ്പ് (B) നാലാം പിരിയഡ് നാലാം ഗ്രൂപ്പ്
   (C) ഒന്നാം പിരിയഡ് നാലാം ഗ്രൂപ്പ് (D) നാലാം പിരിയഡ് ഒന്നാം ഗ്രൂപ്പ്

50. ഒരു മലയുടെ താഴ്‌വാരത്തിന് ഒരാൾ കൈ കൊട്ടുന്നു. 4 സെക്കന്റുകൾക്ക് ശേഷം ഇതേ ശബ്ദം അയാൾ വീണ്ടും കേൾക്കുന്നു. സെക്കന്റിൽ 340 മീറ്റർ വേഗതയിലാണ് ശബ്ദം സഞ്ചരിക്കുന്നതെങ്കിൽ മലയും അയാളും തമ്മിലുള്ള യഥാർത്ഥ അകലം എത്രയായിരിക്കും?
   (A) 1360 മീറ്റർ (B) 340 മീറ്റർ
   (C) 680 മീറ്റർ (D) 170 മീറ്റർ

51. താഴെ തന്നിരിക്കുന്നവയിൽ പ്രകാശസംശ്ലേഷണവുമായി നേരിട്ട് ബന്ധമില്ലാത്ത പ്രവർത്തനം ഏത്?
   (A) ഇരുണ്ട ഘട്ടം (B) ഹിൽ പ്രവർത്തനം
   (C) ക്രെബ്സ് പരിവൃത്തി (D) കാൽവിൻ ചക്രം

52. മനുഷ്യഹൃദയത്തിൽ ഏത് അറയ്ക്കാണ് ഏറ്റവും കട്ടി കൂടിയ ഭിത്തി കാണപ്പെടുത്?
   (A) ഇടത് ഏട്രിയം (B) ഇടത് വെൻട്രിക്കിൾ
   (C) വലത് ഏട്രിയം (D) വലത് വെൻട്രിക്കിൾ

53. ഏക ബിജ പത്രികാ സസ്യങ്ങൾ ദ്വിബീജ പത്രികാ സസ്യങ്ങളേക്കാൾ പുരാതന ജീവികളാണെന്ന ആശയം ആദ്യമായി മുന്നോട്ട് വച്ചത് ആര്?
   (A) ബെന്തവും ഹുക്കറും (B) തിയോഫ്രാസ്റ്റസ്
   (C) എൻഗ്ലറും പ്രാന്റിലും (D) ബെസ്സി

54. ഉരഗങ്ങളുടെ സുവർണ്ണ കാലഘട്ടം എന്നറിയപ്പെടുന്നത് ഏത്?
   (A) പ്രോട്ടോ സോയിക് കാലഘട്ടം (B) മീസോ സോയിക് കാലഘട്ടം
   (C) പാലിയോ സോയിക് കാലഘട്ടം (D) സീനോ സോയിക് കാലഘട്ടം



Join PSC WhatsApp Broadcast List : 90747 20773

pscnet.in

55. താഴെ തന്നിരിക്കുന്നവയിൽ മാംഗനീസ് ഏറ്റവും കൂടുതൽ അടങ്ങിയ കോശാംഗം ഏത്?
(A) മൈറ്റോകോൺട്രിയ
(B) മർമ്മം
(C) റൈബോസോം
(D) ഹരിതകണം

56. സിഫിലിസ് രോഗത്തിന് കാരണമായ രോഗകാരി ഏത്?
(A) ക്ലോസ്ട്രിഡിയം ടെറ്റനി
(B) സാൽമൊണെല്ല ടൈഫോസ
(C) പ്ലൂറോ ന്യുമോണിയ
(D) ട്രെപോനിമ പല്ലേഡിയം

57. ഏത് സസ്യത്തിൽ നിന്നാണ് 'അഗർ-അഗർ' എന്ന പദാർത്ഥം ലഭിക്കുന്നത്?
(A) ലാമിനേരിയ
(B) സെഫല്യൂറസ്
(C) സർഗാസം
(D) ജെലിഡിയം

58. താഴെ തന്നിരിക്കുന്നവയിൽ ഫോസ്ഫോ പ്രോട്ടീൻ വിഭാഗത്തിൽ ഉൾപ്പെടുന്നത് ഏത്?
(A) കാസിൻ
(B) ഹീമോഗ്ലോബിൻ
(C) ആൽബുമിൻ
(D) ഫെറിറ്റിൻ

59. രണ്ട് ആവാസ വ്യവസ്ഥകൾ പരസ്പരം അതിക്രമിച്ച് കിടക്കുന്ന ഭാഗം അറിയപ്പെടുന്നത് :
(A) നിഷെ
(B) ഇക്കോട്ടോൺ
(C) ഇക്കോടൈപ്പ്
(D) കോറിഡോർ

60. ഓസോൺ പാളിയുടെ കട്ടി അളക്കുന്നത് ഏത് യൂണിറ്റിലാണ്?
(A) ഓസോൺ യൂണിറ്റ്
(B) കലോറി
(C) ഡെസിബെൽ യൂണിറ്റ്
(D) ഡോബ്സൺ യൂണിറ്റ്

61. 2, 10, 30, 68, ... എന്ന ശ്രേണിയിലെ അടുത്ത പദം ഏത്?
(A) 108
(B) 120
(C) 130
(D) 124

62. 13.6, 12.4, 13.3 എന്നീ സംഖ്യകളുടെ ശരാശരി എത്ര?
(A) 12.9
(B) 13.1
(C) 13.2
(D) 13.5

63. 100000 മില്ലീമീറ്റർ എത്ര മീറ്റർ ആണ്?
(A) 100 മീറ്റർ
(B) 10 മീറ്റർ
(C) 1000 മീറ്റർ
(D) 10000 മീറ്റർ

64. റീന, സീമ ഇവരുടെ വയസ്സുകൾ തമ്മിലുള്ള അംശബന്ധം 3 : 4 ആണ്. 6 വർഷം കഴിയുമ്പോൾ റീനയുടെ വയസ്സ് 21 ആകും എങ്കിൽ സീമയുടെ ഇപ്പോഴത്തെ വയസ്സ് എത്ര?
(A) 22
(B) 16
(C) 20
(D) 18



Join PSC WhatsApp Broadcast List : 90747 20773

65. 3 + 6 + 9 + 12 + .... + 300 എത്ര?

(A) 15150 (B) 15510
(C) 10550 (D) 16150

66. ഒരു ത്രികോണത്തിലെ കോണുകൾ തമ്മിലുള്ള അംശബന്ധം 2 : 3 : 5 ആയാൽ അതിലെ ഏറ്റവും ചെറിയ കോണളവ് എത്ര?

(A) 72° (B) 45°
(C) 30° (D) 36°

67. –280 കിട്ടാൻ –450 നോട് ഏതു സംഖ്യ കൂട്ടണം?

(A) 170 (B) –170
(C) 730 (D) –730

68. 2015 മാർച്ച് 11 ഒരു ബുധനാഴ്ച ആയിരുന്നു എങ്കിൽ 2015 ജനുവരി 28 ഏത് ദിവസമായിരുന്നു?

(A) ശനി (B) ബുധൻ
(C) ചൊവ്വ (D) തിങ്കൾ

69. ഒരാൾ, ഒരു ബാങ്കിൽ 11000 രൂപ നിക്ഷേപിക്കുന്നു. 6 വർഷങ്ങൾക്ക് ശേഷം 15620 രൂപയായി തിരികെ ലഭിക്കുന്നു എങ്കിൽ പലിശ നിരക്ക് എത്ര?

(A) 5% (B) 8%
(C) 6% (D) 7%

70. ഒരു ക്യാമ്പിൽ 6 ആളുകൾക്ക് വേണ്ടി 30 ദിവസത്തേക്കുള്ള ആഹാരം കരുതിയിരുന്നു. കുറച്ച് ആളുകൾ കൂടി ക്യാമ്പിൽ വന്നതിനാൽ 18 ദിവസം കൊണ്ട് കരുതിയ ആഹാരം തീർന്നുപോയി. എങ്കിൽ പുതിയതായി ക്യാമ്പിൽ എത്ര ആളുകൾ വന്നു?

(A) 4 (B) 3
(C) 6 (D) 5

71. അരവിന്ദ് ഒരു മേശ 4200 രൂപയ്ക്ക് വാങ്ങി 4410 രൂപയ്ക്ക് വിറ്റു എങ്കിൽ ലാഭശതമാനം എത്ര?

(A) 10% (B) 5%
(C) 8% (D) 4%

72. 300 മീറ്റർ നീളമുള്ള ഒരു ട്രെയിനിന്റെ വേഗത മണിക്കൂറിൽ 40 കിലോമീറ്റർ (40 km/hr) ആണെങ്കിൽ 100 മീറ്റർ നീളമുള്ള ഒരു പാലം കടക്കാൻ ട്രെയിനിന് വേണ്ടി വരുന്ന സമയം എത്ര?

(A) 30 sec (B) 50 sec
(C) 36 sec (D) 56 sec

73. താഴെ കൊടുത്തിരിക്കുന്ന സംഖ്യകളിൽ 11 ന്റെ ഗുണിതം ഏത്?

(A) 24150 (B) 21452
(C) 23021 (D) 21450



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

74. ഒരു ചതുരത്തിന്റെ നീളവും വീതിയും തമ്മിലുള്ള അംശബന്ധം 3 : 2, അതിന്റെ ചുറ്റളവ് (perimeter) 110 സെന്റീമീറ്റർ ആയാൽ ചതുരത്തിന്റെ വീതി എത്ര?

(A) 23 സെ.മീ.
(B) 22 സെ.മീ.
(C) 18 സെ.മീ.
(D) 20 സെ.മീ.

75. $2220 \div (3247 - 3227)$ എത്ര?

(A) 212
(B) 111
(C) 101
(D) 121

76. ലോഹനിർമ്മിതമായ ഒരു സമചതുരക്കട്ടയുടെ (cube) ഒരു വശത്തിന്റെ നീളം 16 സെ.മീ. ആണ്. ഇത് ഉരുക്കി ഒരു വശം 4 സെ.മീ. വീതമുള്ള എത്ര സമചതുരക്കട്ടകൾ നിർമ്മിക്കാം?

(A) 64
(B) 16
(C) 128
(D) 32

77. ഒരു ദിവസത്തിന്റെ എത്ര ശതമാനമാണ് 72 മിനുട്ട്?

(A) 2.5%
(B) 25%
(C) 3.6%
(D) 5%

78. 13, 9, 5 .... എന്ന സമാന്തരശ്രേണിയുടെ 10-ാം പദം എത്ര?

(A) –13
(B) –130
(C) –23
(D) –32

79. $\frac{2^5 \times 3^2 - 2^2}{2^2 \times 2^0}$ ന്റെ വില എത്ര?

(A) 61
(B) 76
(C) 67
(D) 71

80. രണ്ട് സംഖ്യകളുടെ ഉ.സാ.ഘ. (HCF) 23, അവയുടെ ല.സാ.ഗു. (LCM) 1449. ഒരു സംഖ്യ 207 ആയാൽ രണ്ടാമത്തെ സംഖ്യ ഏത്?

(A) 201
(B) 181
(C) 161
(D) 261

81. 'Learning without burden' എന്ന പേരിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് :

(A) കോത്താരി കമ്മീഷൻ റിപ്പോർട്ട്
(B) യശ്പാൽ കമ്മീഷൻ റിപ്പോർട്ട്
(C) ആചാര്യ രാമമൂർത്തി കമ്മീഷൻ റിപ്പോർട്ട്
(D) മുതലിയാർ കമ്മീഷൻ റിപ്പോർട്ട്

82. എമിലി (Emile) യുടെ കർത്താവ് :

(A) പെസ്റ്റലോസി
(B) മോണ്ടിസോറി
(C) ഫ്രോബൽ
(D) റൂസ്സോ



Join PSC WhatsApp Broadcast List : 90747 20773

83. ഇന്ത്യയിൽ എഡ്യൂക്കേഷണൽ ടെക്നോളജി പ്രോജക്ട് ആരംഭിച്ചത് :

(A) 1972 (B) 1974

(C) 1978 (D) 1980

84. 'നാം ഇന്നുവരെ കുട്ടികളുടെ മനസ്സിൽ പലതരം അറിവുകളും കുത്തി ചെലുത്തുന്നതിലാണ് നമ്മുടെ ശക്തിയെല്ലാം കേന്ദ്രീകരിച്ചത്. അവരുടെ മനസ്സിന് പ്രചോദനമോ വികാസമോ നൽകണമെന്ന് നാം ഒരിക്കലും വിചാരിച്ചിട്ടില്ല'' - ഇങ്ങനെ അഭിപ്രായപ്പെട്ടത്?

(A) ഗാന്ധിജി (B) ടാഗോർ

(C) വിവേകാനന്ദൻ (D) അരവിന്ദഘോഷ്

85. ജെറോം എസ് ബ്രൂണർ ആശയ രൂപീകരണവുമായി ബന്ധപ്പെട്ട് മുന്നോട്ടു വെച്ച പഠന ഘട്ടങ്ങളിൽ പെടാത്തത് :

(A) ബിംബനഘട്ടം (B) പ്രതീകാത്മകഘട്ടം

(C) വിചിന്തനഘട്ടം (D) പ്രവർത്തനഘട്ടം

86. നാലാം ക്ലാസ്സിൽ പഠിക്കുന്ന സാനിയ ആരുമായും കൂട്ടുകൂടാറില്ല. പൊതുവെ ഒറ്റയ്ക്കിരിക്കാൻ താല്പര്യപ്പെടുന്നു. ചില സന്ദർഭങ്ങളിൽ വിതുമ്പിക്കരയും. ആ കുട്ടിയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ ക്ലാസ്സ് ടീച്ചറായ നിങ്ങൾ തീരുമാനിച്ചു. ഏതു മനഃശാസ്ത്രപഠന രീതിയായിരിക്കും നിങ്ങൾ അവലംബിക്കുന്നത്?

(A) അഭിമുഖം (B) നിരീക്ഷണം

(C) സഞ്ചിതരേഖാ പഠനം (D) കേസ് സ്റ്റഡി

87. ക്ലാസ്സ് റൂം ബോധനത്തിൽ ഏറെ പ്രയോജനപ്പെടുത്തുന്ന ആശയഭൂപടം (concept map) എന്ന സങ്കേതം വികസിപ്പിച്ചെടുക്കുന്നതിന് നേതൃത്വം നൽകിയത് :

(A) ആർ.എസ്. വുഡ്വർത്ത് (B) ജോസഫ് ഡി. നോവാക്

(C) ജെ.എൽ. മൊറിനോ (D) സ്റ്റീഫൻ എം. കോറി

88. അഞ്ചാം ക്ലാസ്സിലെ ഒരു ഡിവിഷനിലെ 41 കുട്ടികളിൽ 12 പേരും മലയാളത്തിലെ സ്വരചിഹ്നങ്ങൾ തെറ്റിച്ചും പരസ്പരം മാറിയും എഴുതുന്നു. ടീച്ചർ എന്ന നിലയിൽ ഇതു പരിഹരിക്കാൻ നിങ്ങൾ അവലംബിക്കുന്ന ശാസ്ത്രീയമാർഗ്ഗം :

(A) സാമൂഹ്യാലേഖം (B) ടീം ടീച്ചിങ്ങ്

(C) ക്രിയാഗവേഷണം (D) മൈക്രോടീച്ചിങ്ങ്



Join PSC WhatsApp Broadcast List : 90747 20773

89. എറിക് എച്ച്. എറിക്സന്റെ മനോസാമൂഹിക വികാസ സിദ്ധാന്തപ്രകാരം സ്കൂൾ പ്രായത്തിൽ (6 മുതൽ 12 വരെ) നേരിടുന്ന പ്രതിസന്ധി താഴെ പറയുന്നവയിൽ ഏതാണ്?

(A) ഊർജ്ജസ്വലത - അപകർഷത
(B) ഗാഢബന്ധം - ഏകാകിത്വം
(C) വിശ്വാസം - അവിശ്വാസം
(D) സ്വാശ്രയത്വം - ലജ്ജ

90. ജീൻ പിയാഷെയുടെ അഭിപ്രായത്തിൽ ക്രമപ്പെടുത്തൽ (seriation), ഉഭയദിശീയ ചിന്ത (Reversibility), പകരൽ ചിന്ത (Transitivity) തുടങ്ങിയവ വികസിക്കുന്ന വൈജ്ഞാനിക വികാസ ഘട്ടമേത്?

(A) ഔപചാരിക മനോവ്യാപാരഘട്ടം (Formal Operational Stage)
(B) രൂപാത്മക മനോവ്യാപാരഘട്ടം (Concrete Operational Stage)
(C) ഇന്ദ്രിയചാലക ഘട്ടം (Sensory Motor Stage)
(D) പ്രാഗ്മനോവ്യാപാര ഘട്ടം (Pre Operational Stage)

91. ഗസ്റ്റാൾട്ട് മനഃശാസ്ത്രത്തെ പിന്തുടരുന്ന ഒരു ടീച്ചർ ക്ലാസ്സിൽ അനുവർത്തിക്കാത്ത സമീപനം :

(A) ആശയത്തെ സമഗ്രമായി അവതരിപ്പിക്കൽ
(B) അന്തർദൃഷ്ടിപഠനത്തെ പ്രോത്സാഹിപ്പിക്കൽ
(C) പ്രശ്നാപഗ്രഥനത്തിന് സഹായിക്കൽ
(D) ആവർത്തനത്തിന് ഊന്നൽ നൽകൽ

92. വ്യക്തിത്വത്തെ സ്വാധീനിക്കുന്ന സാഹചര്യഘടകം (Environmental factor) ഏത്?

(A) ഗ്രന്ഥി വ്യവസ്ഥ
(B) ശാരീരികാവസ്ഥ
(C) കുടുംബം
(D) പാരമ്പര്യം

93. ഒരു വ്യക്തി ഗണിതത്തിൽ പ്രകടിപ്പിക്കുന്ന ബുദ്ധി, പൊതുവായ ബുദ്ധിയുടെയും ഗണിതത്തിലെ പ്രത്യേക ബുദ്ധിയുടെയും സങ്കലിതഫലമാണ്. ഈ പ്രസ്താവന താഴെ പറയുന്ന ഏതു ബുദ്ധി സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ബഹുഘടക സിദ്ധാന്തം (Multi factor theory)
(B) ദ്വിഘടക സിദ്ധാന്തം (Two factor theory)
(C) മനോഘടക സിദ്ധാന്തം (Mental faculty theory)
(D) സംഘഘടക സിദ്ധാന്തം (Group factor theory)

94. ദേശീയ അദ്ധ്യാപക ദിനം :

(A) സെപ്റ്റംബർ 5
(B) ഒക്ടോബർ 5
(C) ഡിസംബർ 17
(D) ജൂലൈ 5



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

95. അബ്രഹാം മാസ്‌ലോയുടെ ആവശ്യങ്ങളുടെ ശ്രേണിയിൽ (Hierarchy of needs) സുരക്ഷിതത്വവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കും അഭിമാനബോധവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കും ഇടയിൽ ക്രമീകരിച്ചിട്ടുള്ളത് :
   - (A) വൈജ്ഞാനികാവശ്യങ്ങൾ
   - (B) ശാരീരികാവശ്യങ്ങൾ
   - (C) ആത്മസാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ
   - (D) സ്നേഹവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ

96. പഠനം എന്നത് സാംസ്ക്കാരിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് സാമൂഹ്യ സാംസ്ക്കാരിക സാഹചര്യങ്ങളിൽ ഇടപെട്ട് നാം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കലും തുടർ പഠനത്തിനുള്ള വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കലുമാണ്. ഈ പ്രസ്താവന താഴെ പറയുന്ന ഏതു പഠന സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   - (A) വ്യവഹാരവാദം
   - (B) ജ്ഞാനനിർമ്മിതിവാദം
   - (C) സാമൂഹ്യജ്ഞാന നിർമ്മിതിവാദം
   - (D) സാമഗ്ര്യവാദം

97. കുട്ടികളില്ലാത്ത ദമ്പതിമാർ അനാഥാലയത്തിലെ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളും തുണികളും നൽകുന്നു. ഇത് ഏത് സമായോജനക്രിയാതന്ത്രമായി പരിഗണിക്കാം?
   - (A) ദമനം
   - (B) യുക്തീകരണം
   - (C) ഉദാത്തീകരണം
   - (D) വിനിവർത്തനം

98. കുട്ടികളുടെ കാര്യത്തിൽ ഒന്നിലും ഇടപെടാതിരിക്കുകയും വേണ്ടത്ര താൽപ്പര്യവും ശ്രദ്ധയും നൽകാതിരിക്കുന്ന രക്ഷാകർത്തൃത്വരീതി എന്തു പേരിലറിയപ്പെടുന്നു?
   - (A) നിസ്സംഗരക്ഷാകർത്തൃത്വം (Negligent parenting)
   - (B) സ്വേച്ഛാധിപത്യരക്ഷാകർത്തൃത്വം (Authoritarian parenting)
   - (C) ഉദാരരക്ഷാകർത്തൃത്വം (Permissive parenting)
   - (D) ജനാധിപത്യരക്ഷാകർത്തൃത്വം (Democratic parenting)

99. സർഗ്ഗാത്മകതയുടെ ഘടകങ്ങളിൽ ഉൾപ്പെടാത്തത് :
   - (A) വാചാലത (Fluency)
   - (B) വഴക്കം (Flexibility)
   - (C) മൗലികത (Originality)
   - (D) സംവ്രജനചിന്ത (Convergent thinking)

100. ഭാഷയുമായി ബന്ധപ്പെട്ട പഠനവൈകല്യം അറിയപ്പെടുന്നത് :
   - (A) ഡിസ്ഗ്രാഫിയ
   - (B) ഡിസ്‌ലക്സിയ
   - (C) ഡിസ്കാൽക്കുലിയ
   - (D) ഡിസ്പ്രാക്സിയ



Join PSC WhatsApp Broadcast List : 90747 20773